ഇപ്പോൾ പുതിയ ഒരു ഓർഡർ അവരിലൊക്കെ ഒരു ആശങ്ക ഉളവാക്കിയിട്ടുണ്ട്. അത് ആ ചർച്ചയിലൂടെ ഒഴിവാക്കി സമരം തീർക്കാൻകൂടി മന്ത്രി മുൻകൈ എടുക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ശ്രീ. എളമരം കരീം : സർ, അത് ചെയ്യാം. സമരം ചെയ്ത സംഘടനകളുമായി കൂടിയാലോചിച്ച് പ്രശ്നം പരിഹരിക്കുന്നതിന് നടപടിയെടുക്കാം.

(8) പോൾ കാസ്റ്റിംഗ് യൂണിറ്റ്

ശ്രീ. എം. ഉമ്മർ : സർ, മലപ്പുറം ജില്ലയിലെ അപേക്ഷകർക്ക് വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് പോസ്റ്റുകളുടെ രൂക്ഷമായ ക്ഷാമം അനുഭവപ്പെടുകയാണ്. എം.പി., എം.എൽ.എ., എൽ.എസ്.ജി.ഡി. ഫണ്ടുകൾ വഴി നടപ്പാക്കുന്ന പല സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതികളും പോസ്റ്റുകളുടെ ദൗർലഭ്യം കാരണം പാതിവഴിയിലാണ്. സ്വകാര്യ കമ്പനികൾ നിർമ്മിച്ചു നൽകുന്ന വൈദ്യുത പോസ്റ്റുകൾ വളരെ ഗുണനിലവാരം കുറഞ്ഞതുമാണ്. ആയതിനാൽ കെ.എസ്.ഇ.ബി.യിലെ സിവിൽ എഞ്ചിനീയർമാരെ ഉപയോഗപ്പെടുത്തി ബോർഡിന്റെ മേൽനോട്ടത്തിൽ ജില്ലയിൽ അനുയോജ്യമായ സ്ഥലത്ത് ഒരു പോൾ കാസ്റ്റിംഗ് യൂണിറ്റ് അടിയന്തിരമായി ആരംഭിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ.കെ. ബാലൻ) : സർ, മലപ്പുറം ജില്ലയിലെ മഞ്ചേരി, തിരൂർ ഇലക്ട്രിക്കൽ സർക്കിളുകളിലേയ്ക്ക് വൈദ്യുതി പോസ്റ്റുകൾ നൽകുന്നതിന് മെസ്സേഴ്സ് മെക്കോൺ പ്രിഫാബ്സ്, രാമനാട്ടുകര, വരുണ എഞ്ചിനീയറിംഗ് വർക്സ്, തൃശൂർ, രൂപ എഞ്ചിനീയറിംഗ് കോർപ്പറേഷൻ, മംഗലാപുരം എന്നീ സ്ഥാപനങ്ങളുമായി 2005-ൽ കരാറിൽ ഏർപ്പെട്ടിരുന്നു. 2005 മുതൽ 2010 വരെയായിരുന്നു കരാർ കാലാവധി. എന്നാൽ കരാർ പ്രകാരം പോസ്റ്റുകൾ നൽകുന്നതിന് കമ്പനികൾ തയ്യാറായില്ല. ഇതുമൂലം ജില്ലയിൽ പോസ്റ്റുകളുടെ ക്ഷാമം അനുഭവപ്പെടുന്നുണ്ട്. ഇത് പരിഹരിക്കാൻ പാലക്കാട്, കണ്ണൂർ ജില്ലകളിൽ നിന്ന് പോസ്റ്റുകൾ ഡൈവർട്ട് ചെയ്ത് മലപ്പുറം ജില്ലയിൽ ഉപയോഗപ്പെടുത്തുകയുണ്ടായി. എങ്കിലും സമ്പൂർണ്ണ വൈദ്യുതീകരണം അടക്കം നിരവധി പ്രവർത്തനങ്ങൾ ഏറ്റെടുത്തതിന്റെ ഭാഗമായി പ്രശ്നം പൂർണ്ണ തോതിൽ പരിഹരിക്കാനായിട്ടില്ല. കരാറുമായി ബന്ധപ്പെട്ട തർക്കങ്ങൾ പരിഹരിക്കാനുള്ള ശ്രമങ്ങളും നടത്തിവരുന്നു. അതിന്റെ ഭാഗമായി ഇപ്പോൾ വണ്ടൂരിലുള്ള രൂപ എഞ്ചിനീയറിംഗ് കോർപ്പറേഷന്റെ യാർഡിൽ നിന്ന് മുൻടെൻഡർ പ്രകാരമുള്ള പോസ്റ്റുകൾ തർക്കങ്ങൾ പരിഹരിച്ച് ലഭ്യമായി തുടങ്ങിയിട്ടുണ്ട്. ഇതോടൊപ്പം ജില്ലയിൽ വരുന്ന രണ്ട് വർഷത്തേയ്ക്ക് ആവശ്യമായിട്ടുള്ള പോസ്റ്റുകൾ നിർമ്മിച്ചു നൽകാൻ ഉത്തര മേഖലാ ചീഫ് എഞ്ചിനീയർ 11-1-2010-ൽ ടെൻഡർ വിളിക്കുകയും അതനുസരിച്ച് ടെൻഡർ നടപടികൾ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഉടൻ തന്നെ പോസ്റ്റുകൾ ലഭ്യമായി തുടങ്ങും. ഇങ്ങനെ പോസ്റ്റുകളുടെ ക്ഷാമം പരിഹരിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ

LIBRARY ARCHIVES Kerala Legislative Assembly

സാഹചര്യത്തിൽ വൈദ്യുതി ബോർഡ് സ്വന്തമായി യാർഡ് നിർമ്മിക്കുന്നത് ആലോചിച്ചിട്ടില്ല.

(9) ഫാക്ടംഫോസിന്റെ ദൗർലഭ്യം

ശ്രീ. മുരളി പെരുനെല്ലി : സർ, നെൽകൃഷിയുടെ അടിസ്ഥാന വളം ഫാക്ടംഫോസ് ആണെന്ന കാര്യം എല്ലാവർക്കും അറിയാവുന്നതാണ്. എന്നാൽ വിളവ് ഇറക്കുന്ന സമയം ഫാക്ടംഫോസിന്റെ ദൗർലഭ്യം ഒരു തുടർക്കഥയായി മാറുകയാണ്. ജൈവകൃഷി രീതിക്ക് സർക്കാർ നല്ല പ്രോത്സാഹനം കൊടുക്കുന്നത് സ്വാഗതാർഹമാണെങ്കിലും ഇന്നും ഉൽപ്പാദനവർദ്ധനവിന് കൃഷിക്കാർ പ്രധാനമായും ആശ്രയിക്കുന്നത് രാസവളങ്ങളെ തന്നെയാണ്. സംസ്ഥാനങ്ങൾക്കുള്ള ഫാക്ടംഫോസിന്റെ കോട്ട നിശ്ചയിക്കുന്നത് കേന്ദ്ര സർക്കാരാണ്. ഓരോ വിളവിന്റെ തുടക്കത്തിലും ആവശ്യമായ രാസവളത്തിന്റെ കൃത്യമായ, ശാസ്ത്രീയമായ കണക്ക് തയ്യാറാക്കി അത് കേന്ദ്രത്തിന് നൽകി അത് നേടിയെടുക്കാൻ കഴിയേണ്ടതുണ്ട്. ഫാക്ടംഫോസ് ഉൽപ്പാദിപ്പിക്കുന്ന കേന്ദ്രമായ എഫ്.എ.സി.ടി. നമ്മുടെ സംസ്ഥാനത്താണെങ്കിലും ഉൽപ്പാദിപ്പിക്കപ്പെടുന്ന ഫാക്ടംഫോസിന്റെ നല്ലൊരു പങ്കും അന്യസംസ്ഥാനങ്ങളിലേയ്ക്കാണ് പൊയ്ക്കൊണ്ടിരിക്കുന്നത്. കതിരിൽ വളംവച്ചിട്ട് യാതൊരു കാര്യവുമില്ല. ശരിയായ സമയം ഈ വളം കിട്ടുന്നതിന് ആവശ്യമായ നടപടി ഉണ്ടാകേണ്ടതുണ്ട്. വിളവിറക്കുന്ന സമയം അടിവളമായിട്ട് ഉപയോഗിക്കുന്ന ഫാക്ടംഫോസ് നെൽ കർഷകർക്ക് ലഭ്യമാക്കാൻ അടിയന്തരമായ നടപടി സ്വീകരിക്കുന്നതിന് കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തിയെടുക്കണം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ) : സർ, ഇവിടെ ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ സംസ്ഥാന സർക്കാർ ആവശ്യപ്പെടുന്ന തരത്തിൽ കേന്ദ്ര രാസവള മന്ത്രാലയമാണ് സംസ്ഥാനത്തിനുള്ള കോട്ട ബന്ധപ്പെട്ട കമ്പനികൾക്ക് നിശ്ചയിച്ചു കൊടുക്കുന്നത്. ഈ ജൂൺ മാസത്തിൽ ആകെ ഫാക്ടംഫോസ് ഉൾപ്പെടെയുള്ള കോംപ്ലക്സ് വളങ്ങൾ, 24000 ടൺ നമുക്ക് തരാമെന്നാണ് പറഞ്ഞിരുന്നത്. ഇന്ത്യൻ പൊട്ടാഷ് ലിമിറ്റഡും ഇഫ്കോയും സുവാരിയുമൊക്കെ കൂടി ഏതാണ്ട് 10,000-ത്തോളം ടൺ വളം സപ്ലൈ ചെയ്യാനായി അവരോട് കേന്ദ്ര ഗവൺമെന്റ് ആവശ്യപ്പെട്ടിരുന്നെങ്കിലും അവർ ആ വളം സപ്ലൈ ചെയ്തില്ല. ഫാക്ടംഫോസ് 24,000 ടൺ സപ്ലൈ ചെയ്യാൻ കേന്ദ്ര ഗവൺമെന്റ് അവരോട് നിർദ്ദേശിച്ചിരുന്നെങ്കിലും 23,909 ടൺ അവർ വിതരണം ചെയ്തിരുന്നു. അനുവദിക്കപ്പെട്ട മറ്റ് കോംപ്ലക്സ് വളങ്ങൾ നൽകേണ്ട കമ്പനികൾ അത് നൽകാത്തത് കാരണം തോട്ടം മേഖലയിലും മറ്റും ഫാക്ടംഫോസ് ഉപയോഗിച്ചതുമൂലം നെൽ കൃഷിക്ക് വേണ്ടത്ര ഫാക്കംഫോസ് ആ മാസത്തിൽ കിട്ടാതെ വന്നു. ഫാക്കംഫോസ് വിതരണം ചെയ്യാത്തതല്ല, മറ്റ് കമ്പനികൾ ആ വളങ്ങൾ വിതരണം ചെയ്യാത്തതുകൊണ്ട് വന്നതാണ്. ഈ സാഹചര്യത്തിൽ സംസ്ഥാന സർക്കാർ ഇടപെട്ടതിനെ തുടർന്ന് ജൂലൈ മാസത്തിലേയ്ക്ക് അനുവദിച്ചിരുന്ന 20300 ടൺ

LIBRARY ARCHIVES Kerala Legislative Assembly